പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 77

02/12/2015-ൽ
മറുപടിയ്ക്കു്

## ശബരിമല മാസ്റ്റർ പ്ലാൻ

ചോദ്യം

ശ്രീ. പി.സി. വിഷ്ണുനാഥ്
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. കെ. മുരളീധരൻ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| | |
|---|---|
| എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനു വേണ്ടി ബഹു. കേരള ഹൈക്കോടതി രൂപീകരിച്ച ഹൈപവർ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒന്നാംഘട്ട പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ശബരിമലയുടേയും ശബരിമലയുമായി ബന്ധപ്പെട്ട ഇതര പ്രദേശങ്ങളുടേയും ആസൂത്രിത വികസനത്തിന് വേണ്ടി തയ്യാറാക്കിയ മാസ്റ്റർപ്ലാനിലെ വിവിധ പദ്ധതികൾ പ്രധാനമായും ശബരിമലയിലെത്തുന്ന അയ്യപ്പ ഭക്തൻമാരുടെ ദർശനത്തിനും പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനും താമസത്തിനുമുള്ള സൗകര്യങ്ങൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | ബി) മാസ്റ്റർ പ്ലാൻ പ്രകാരം നടത്തിയ ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ശബരി പീഠം മുതൽ മരക്കൂട്ടം വരെയുള്ള ക്യൂകോംപ്ലക്സുകളുടെ നിർമ്മാണം, ബെയ്‌ലി ബ്രിഡ്ജിൻെറ നിർമ്മാണം, ബെയ്‌ലി ബ്രിഡ്ജിൻെറ അപ്രോച്ച് റോഡ് നിർമ്മാണം, നിലയ്ക്കലിലെ നിലവിലുള്ള റോഡിൻെറ നവീകരണം, നിലയ്ക്കലിലെ വെഹിക്കിൾ ഫെസിലിറ്റി സെൻററിൻെറ നിർമ്മാണം, കടുവാത്തോട്ടിലെ ചെക്ക് ഡാമിൻെറ നിർമ്മാണം, നിലയ്ക്കലിലെ വാട്ടർ ടാങ്കിൻെറ നിർമ്മാണം, നിലയ്ക്കലിലെ ഹൈമാസ്റ്റ് ലൈറ്റിൻെറ നിർമ്മാണം, സ്വാമി അയ്യപ്പൻ റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കിയ പ്രവൃത്തി, വിരിവെക്കുന്നതിന് കൂടുതൽ സ്ഥലം ലഭ്യമാക്കി ഇൻറർലോക്ക് ടൈൽ വിരിക്കൽ, മാളികപ്പുറം എലിവേറ്റഡ് അപ്രോച്ച്, മരക്കൂട്ടത്തിലെ അടിപ്പാത, നിലയ്ക്കലിലെ കുഴൽകിണർ നിർമ്മാണം, മരക്കൂട്ടം മുതൽ ശരംകുത്തിവരെയുള്ള ക്യൂകോംപ്ലക്സുകളുടെ |

| | | | |
|---|---|---|---|
| | | | നിർമ്മാണം, സന്നിധാനത്തെ സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ്, പമ്പയിലും സന്നിധാനത്തും ടോയിലറ്റ് ബ്ലോക്കുകൾ, നിലയ്ക്കലിൽ 10000 വാഹനങ്ങൾ പാർക്ക് ചെയ്യാവുന്ന സ്ഥലം തുടങ്ങിയ പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ നിലയ്ക്കലിലെ റോഡുകളുടേയും പാർക്കിംഗ് ഏരിയകളുടെയും വിപുലീകരണവും പമ്പയിലെ റസ്റ്റോറൻറ് ബ്ലോക്ക് എന്നിവ പൂർത്തിയായി വരുന്നു. |
| സി) | മാസ്റ്റർ പ്ലാൻ നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | സി) | 2050 വരെയുള്ള ആസൂത്രിത വികസന പദ്ധതികളാണ് മാസ്റ്റർപ്ലാനിൽ വിഭാവനം ചെയ്യുന്നത്. മാസ്റ്റർപ്ലാനിൽ നിർദ്ദേശിക്കുന്ന പ്രകാരം മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിന് വേണ്ടി ബഹു. ഹൈക്കോടതി രൂപീകരിച്ച ഹൈപ്പവർ കമ്മിറ്റിയും ഹൈപവ്വർ കമ്മിറ്റിക്ക് സാങ്കേതിക ഉപദേശങ്ങൾ നൽകുവാൻവേണ്ടി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയും ബന്ധപ്പെട്ട കൺസൾട്ടൻറ്മാരും കാലാകാലങ്ങളിൽ കൂടിയാണ് ഘട്ടംഘട്ടമായി നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകിവരുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ